# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2021 സെപ്തംബർ 3

# വാർത്താക്കുറിപ്പ്

## സ്ഥൂല തന്മാത്രാ പഠനം: അന്തർദ്ദേശീയ കോൺഫറൻസ്

മഹാത്മാഗാന്ധി സർവ്വകലാശാലക്ക് കീഴിലുള്ള സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് പോളണ്ടിലെ പോളണ്ടിലെ റോക്ലോ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി, ഡാൻസ്ക് യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി എന്നിവയുടെ സഹകരണത്തോടെ സ്ഥൂല തന്മാത്ര (macro molecules) കളുടെ ഘടന, സംശ്ലേഷണം, രൂപപരിണാമം തുടങ്ങിയ വിഷയങ്ങളെ അധികരിച്ച് അന്തർദ്ദേശീയ തലത്തിലുള്ള കോൺഫറൻസ് സംഘടിപ്പിക്കുന്നു. സെപ്തംബർ 10, 11, 12 തിയതികളിൽ ഓൺലൈനായി സംഘടിപ്പിക്കുന്ന പരിപാടിയിൽ മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറും പൊളിമർ സയൻസ് മേഖലയിൽ അന്താരാഷ്ട്ര തലത്തിൽ അറിയപ്പെടുന്ന ശാസ്ത്രജ്ഞനുമായ പ്രഫ. സാബു തോമസ് അധ്യക്ഷത വഹിക്കും. റോക്ക് ലോ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള പ്രഫ. മെസ്സീജ് ജറോസ്വ്സ്കി, ഡാൻസ് ക് യൂണിവേഴ്സിറ്റിയിലെ പ്രഫ. ജോസഫ് ടി. ഹാപോ ന്യൂക്ക് എന്നിവരാണ് പരിപാടി ഉദ്ഘാടനം ചെയ്യുന്നത്. മഹാത്മാ ഗാന്ധി പ്രോ- വൈസ് ചാൻസലർ പ്രഫ. സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റ് അംഗം പ്രൊഫ. നന്ദകുമാർ കളരിക്കൽ എന്നിവർ മുഖ്യ പ്രഭാഷണം നടത്തും. ഡോ. ഹന്ന ജെ. മരിയക്കാണ് വിവിധ സെഷനുകളുടെ ഏകോപന ചുമതല. വിഷയവുമായി ബന്ധപ്പെട്ട നൂറിലധികം പ്രഭാഷണങ്ങളാണ് പരിപാടിയുടെ ഭാഗമായി നടക്കുക. ഇന്ത്യൻ സർവ്വകലാശാലകൾക്കും വിദേശ സർവ്വകലാശാലകൾക്കും ഇടയിലുള്ള അക്കാദമിക - ഗവേഷണ സഹകരണ സാധ്യതകൾ സംബന്ധിച്ച് പ്രഫ. സാബു തോമസ് സംസാരിക്കും.

യു. കെ, യു. എസ്, ജർമ്മനി, ഫ്രാൻസ്, റഷ്യ, ഗ്രീസ്, എത്യോപ്യാ, ജപ്പാൻ തുടങ്ങി ഇരുപതോളം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളാണ് കോൺഫറൻസിൽ പങ്കെടുക്കുക. സെപ്തംബർ 12ന് നടക്കുന്ന സമാപന സമ്മേളനത്തിൽ തിരുവനന്തപുരം ഐ ഐ എസ് ടി ഡീൻ പ്രഫ. കെ. ജോസഫ് അധ്യക്ഷത വഹിക്കും. കൊൺഫ്രൻസിൽ പങ്കെടുക്കുന്നതിനും കൂടുതൽ വിവരങ്ങൾക്കും http://macromol.in/polimericmaterials2021 എന്ന വെബ് പേജ് സന്ദർശിക്കുക. macromolecules@macromol.in എന്ന ഇ-മെയിൽ വിലാസത്തിലും ഇതു സംബന്ധിച്ച വിവരം ലഭിക്കും.

(പി.ആർ.ഒ/39/857/2021)

## ശാസ്ത്ര പ്രഭാഷണ പരമ്പര

മഹാത്മ ഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് സംഘടിപ്പിക്കുന്ന പഞ്ചദിന ശാസ്ത്ര പ്രഭാഷണ പരമ്പര (ERUDITE LECTIURE SERIES) സെപ്റ്റംബർ 13, 14, 15, 16, 17 തീയതികളിൽ നടക്കും. എല്ലാ ദിവസങ്ങളിലും വൈകിട്ട് അഞ്ചിനാണ് ഓരോ മണിക്കൂർ നീളുന്ന ഓൺലൈൻ പ്രഭാഷണങ്ങൾ നടക്കുക. ജർമ്മനിയിലെ ലീബ്നിസ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പോളിമർ റിസേർച്ചിലെ പ്രൊഫ. മാൻഫ്രെഡ് സ്റ്റാം ആണ് പ്രഭാഷകൻ. പോളിമർ കോമ്പോസിറ്റുമായി ബന്ധപ്പെട്ട ധാരാളം ഗവേഷണങ്ങൾ നടത്തുന്ന അദ്ദേഹം നാനോ ടെക്നോളജി രംഗത്ത് നൽകിയ സംഭാവനകൾ നിരവധിയാണ്. എം ജി സർവ്വകലാശാല വൈസ് ചാൻസലറും, സ്കൂൾ ഓഫ് എനർജി മറ്റീരിയൽസ് ഡയറക്ടറുമായ പ്രൊഫ. സാബു തോമസും പരിപാടിയിൽ പങ്കെടുക്കും. താൽപര്യമുള്ളവർക്ക് https://forms.gle/uhsAqzkp6hzrpHKi6 എന്ന ലിങ്ക് മുഖേന പേര് രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ - 9446711043, 9400630354.

(പി.ആർ.ഒ/39/857/2021)

## പരീക്ഷഫലം

2020 ഡിസംബറിൽ സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസ് നടത്തിയ രണ്ടാം സെമസ്റ്റർ എം.ബി.എ. (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/857/2021)

2021 ജൂണിൽ നടന്ന നാലാം സെമസ്റ്റർ ബി.എഡ്. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്തംബർ 20 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/857/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ